## വിഹിതമടയ്ക്കാൻ വൈകിയത് ദുരുദ്ദേശ്യത്തോടെയല്ല: ഡാമേജസ് ചുമത്തിയത് റദ്ദാക്കി

## ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ, മുംബൈ

E.P.F.A. No. 69/2017 Dt. 6.3.2020

അമൃത വൈഷ്ണവി എഡ്യൂക്കേഷൻ വെൽഫെയർ ട്രസ്റ്റ്

x

അസിസ്റ്റന്റ് പ്രോവിഡന്റ് ഫണ്ട്
കമ്മീഷണർ

സാമൂഹ്യ സേവനവും പരോപകാര പ്രവൃത്തികളും ചെയ്യുന്ന ട്രസ്റ്റിനു കീഴിൽ നിരവധി തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്ന ട്രസ്റ്റ് സന്മനസ്സുള്ളവരുടെ ഔദാര്യത്തിൽ നിന്നു ലഭിക്കുന്ന സംഭാവന കൊണ്ടാണ് പ്രവർത്തന ചെലവുകൾ നേരിടുന്നത്. അതേ സമയം ട്രസ്റ്റിന് ഇ.പി.എഫ്. നിയമം ബാധകവുമാണ്. എന്നാൽ മതിയായ വരുമാനമില്ലാതായപ്പോൾ ഇ.പി.എഫ്. വിഹിതം യഥാസമയം പ്രോവിഡന്റ് ഫണ്ടിൽ അടയ്ക്കാൻ ട്രസ്റ്റിന് കഴിഞ്ഞില്ല. പണം ലഭിച്ചയുടനെ ട്രസ്റ്റ് കുടിശിക അടച്ചു തീർക്കുകയും ചെയ്തു. അപ്പോഴേക്കും സമയം വൈകിയിരുന്നു. വിഹിതമടയ്ക്കാൻ കാലതാമസം വന്നതിനാൽ ഡാമേജസ് ചുമത്തിക്കൊണ്ട് അസിസ്റ്റന്റ് പി.എഫ്. കമ്മീഷണർ ഉത്തരവിട്ടു. ഇതിനെതിരെ ട്രസ്റ്റ് ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ സമർപ്പിച്ചു. ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്ന ട്രസ്റ്റിന് വേണ്ടത്ര പണം ലഭിക്കാതിരുന്നതു മൂലമാണ് വിഹിതമടയ്ക്കാൻ വൈകിയതെന്നും ഇക്കാര്യത്തിൽ മനഃപൂർവ്വമായ വീഴ്ചയോ ദുരുദ്ദേശ്യമോ ഇല്ലെന്നും വാദിച്ച മേനേജ്മെന്റ് ഇ.പി.എഫ്. അസിസ്റ്റന്റ് കമ്മീഷണർ സ്ഥാപനത്തിന്റെ വിശദീകരണം തീർത്തും അവഗണിച്ചുകൊണ്ടാണ് ഡാമേജസ് ചുമത്തിയതെന്ന് ട്രൈബ്യൂണൽ മുമ്പാകെ ബോധിപ്പിച്ചു. ട്രസ്റ്റിന്റെ ഭാഗത്ത് ദുരുദ്ദേശ്യമുണ്ടെന്ന് കാണിക്കാൻ യാതൊരു തെളിവും കമ്മീഷണറുടെ മുമ്പാകെയില്ലെന്നും സാമ്പത്തിക ഞെരുക്കം മൂലം വിഹിതമടയ്ക്കാൻ വൈകിയതിന് ഡാമേജസ് ചുമത്തിയ നടപടി നിയമവിരുദ്ധവും റദ്ദാക്കേണ്ടതുമാണെന്നും ട്രസ്റ്റ് വാദിച്ചു. സ്ഥാപനം വിഹിതമടയ്ക്കാൻ വൈകിയത് ദുരുദ്ദേശ്യത്തോടെയാണെന്ന് തെളിയാത്തിടത്തോളം ഡാമേജസ് ചുമത്താൻ പാടില്ലെന്നിരിക്കെ അസിസ്റ്റന്റ് പി.എഫ്. കമ്മീഷണർ സ്ഥാപനത്തിന് ഡാമേജസ് ചുമത്തിയത് തെറ്റാണെന്ന് വിലയിരുത്തിയ ഇൻഡസ്ട്രീയൽ ട്രൈബ്യൂണൽ ട്രസ്റ്റിന്റെ അപ്പീൽ അനുവദിക്കുകയും നിയമാനുസൃതം പുതിയ ഉത്തരവ് പുറപ്പെടുവിക്കാൻ കേസ് അസിസ്റ്റന്റ് പി.എഫ്. കമ്മീഷണർക്ക് തിരിച്ചയക്കുകയും ചെയ്തു.